(9) ചാലിയം ടിംബർ സെയിൽസ് ഡിപ്പോയിൽ തൊഴിലാളികൾക്ക് പണിയില്ലാതായ സാഹചര്യം

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട് ജില്ലയിലെ ചാലിയം ഫോറസ്റ്റ് ഡിപ്പോ 1895-ൽ ആരംഭിച്ചതാണ്. 110 വർഷം അതിന് പ്രായമായി. 47 ഏക്കർ സ്ഥലം അവിടെയുണ്ട്. 97 തൊഴിലാളികൾ അവിടെ തൊഴിൽ എടുക്കുന്നുണ്ട്. 1990-വരെ ചങ്ങാടം വഴിയാണ് ഇവിടെ തടികൾ എത്തിച്ചിരുന്നത്. ഇവിടെ ആറായിരവും ഏഴായിരവും മീറ്റർ മരം എത്തിയിരുന്നു. 1996 മുതൽ ഇത് കുറയാൻ തുടങ്ങി. ആയിരം മീറ്റർ, രണ്ടായിരത്തിയഞ്ഞൂറ് മീറ്റർ വരെ എത്തിയിരുന്നു. ഇപ്പോൾ അതും കുറഞ്ഞിരിക്കുകയാണ്. ആവശ്യക്കാർക്ക് മരം ലേലത്തിലെടുക്കാൻ ഏറ്റവും സൗകര്യപ്രദമായ ഡിപ്പോകൂടിയാണിത്. സർ, പാലക്കാട് ഡിവിഷന്റെ കീഴിൽ അരുവക്കോട്, നെടുങ്കയം, വാളയാർ എന്നിവിടങ്ങളിൽ കൂടുതൽ മരം ലഭിക്കുമ്പോൾ കഴിഞ്ഞ ആറുമാസക്കാലമായി ചാലിയം ഡിപ്പോയിൽ മരം എത്തിയിട്ടില്ല. പതിനയ്യായിരം മീറ്റർ തടി സ്റ്റോക്ക് ചെയ്യാൻ സൗകര്യമുള്ള ചാലിയം ഡിപ്പോയിൽ തടി എത്തിക്കാത്തതിൽ ദുരൂഹതയുണ്ട്. വാളയാർ ഡിപ്പോയിൽ സ്ഥലം ഇല്ലാത്തതിനാൽ അനക്സ് ഡിപ്പോയെന്ന പേരിൽ പുറമേയാണ് തടികൾ സൂക്ഷിക്കുന്നത്. ചാലിയാർ ഡിപ്പോയിൽ ചില്ലറ വിൽപ്പനയ്ക്കായി 2004-ൽ തുടങ്ങിയ വിൽപ്പനകേന്ദ്രം തടി ഇല്ലാത്തതിനാൽ നിശ്ചലമാണ്. എക്സ്പോർട്ട് ക്വാളിറ്റി തടികളും ഫസ്റ്റ്ക്ലാസ് മരങ്ങളും ചാലിയാർ ഡിപ്പോ വഴി മാത്രമേ വിൽക്കാൻ പാടുള്ളൂ. എന്ന വ്യവസ്ഥ ഇപ്പോൾ പാലിക്കുന്നില്ല. നിലമ്പൂരിലും വാളയാറിലും കുരുളയിലും ഉള്ള ഡിപ്പോകളിൽ മെഷീൻ ഉപയോഗിച്ചു നടത്തിയാൽ ഉണ്ടാകുന്ന ചെലവായ 135 ഉറുപ്പികതന്നെയാണ് ചാലിയം ഡിപ്പോയിൽ മനുഷ്യാദ്ധ്വാനം ഉപയോഗിച്ച് പ്രവർത്തിക്കുമ്പോഴും ഉണ്ടാകുന്നത്. ആകെയുള്ള തടികളുടെ ഇരുപത്തിയഞ്ച് ശതമാനം ചാലിയം ഡിപ്പോയിൽ എത്തിച്ച് ചാലിയം ഡിപ്പോയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കണമെന്നും വിൽപ്പനയിലെ തിരിമറി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും വിനയപൂർവം അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, അങ്ങയുടെ വികാരത്തെ ഞാൻ മാനിക്കുകയാണ്. പക്ഷേ അങ്ങോട്ടും ഇങ്ങോട്ടും തർക്കങ്ങൾ ഉള്ള ഒരു കേസാണ്; അതാണ് പ്രധാനപ്പെട്ട പ്രശ്നം. നിലമ്പൂർ മേഖലയിൽ നിന്ന് ചാലിയം ഡിപ്പോയിൽ എത്തിക്കേണ്ട തടികൾ നിലമ്പൂരിലെ തൊഴിലാളികളുടെ തൊഴിൽ പ്രശ്നവുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ടതാണ്. പക്ഷേ നിലമ്പൂരിലുള്ള സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി., എസ്.ടി.യു. സംഘടനകളെല്ലാം ഒരുമിച്ചു നിൽക്കുകയാണ്. രണ്ടു പ്രദേശത്തുള്ള തൊഴിലാളികൾ തമ്മിലുള്ള തർക്കമാണ് ഇതിനകത്ത് പ്രധാനമായും വരുന്നത്. അതുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ നടപ്പിലാക്കാൻ കഴിയുന്ന ഒരു കാര്യമല്ല ഇത്. അങ്ങയുടെ വികാരം പൂർണ്ണമായും ഉൾക്കൊള്ളുന്നു. പക്ഷേ ഇതുപോലുള്ള ഒരു പ്രശ്നം കൂടി ആ ഭാഗത്ത് നിൽപ്പുണ്ട്. അതുകൊണ്ടാണ് ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയാത്തത്. കോളനൈസേഷൻ സ്കീമിൽപ്പെട്ട സ്ഥലത്തുനിന്നും 5095 ക്യൂബിക് മീറ്റർ ഈട്ടിത്തടികൾ ശേഖരിക്കുന്നതിനുള്ള പണികളും കൂറ്റിയാടി ആഗ്മെന്റേഷൻ സ്കീമിൽപ്പെട്ട ഈട്ടിത്തടികൾ മുറിക്കുന്നതിനുള്ള പണികളും ഉടനെ ആരംഭിക്കാൻ പോകുകയാണ്. അതിൽനിന്നും ഏതാണ്ട് 2000 ക്യൂബിക് മീറ്റർ ഈട്ടിത്തടി ചാലിയം ഡിപ്പോയിൽ ഇറക്കാൻ പറ്റുമോയെന്നുള്ള പ്രൊപ്പോസൽ നമ്മുടെ മുന്നിലുണ്ട്. പക്ഷെ ആ പ്രൊപ്പോസൽ വന്നാലും ഈ തൊഴിലാളികളുടെ പ്രശ്നം കൂടി പരിഹരിച്ചുകൊണ്ടു മാത്രമേ നമുക്ക് ഇതിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിയൂ.

(10) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇടപാടുകളെക്കുറിച്ചുള്ള അന്വേഷണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്ന് നിയമസഭ പിരിയുന്നതു കൊണ്ടാണ് ഗൗരവതരമായ ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 2005 മാർച്ച് 15 വരെയുള്ള പത്തു വർഷക്കാലത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഇടപാടുകളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, ശ്രീ. ജി. കാർത്തികേയൻ, ശ്രീ. അടൂർ പ്രകാശ് എന്നീ നാലു മന്ത്രിമാരുടെ കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയ ഇടപാടുകളാണ് അന്വേഷിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. സർ, ഈ തീരുമാനമെടുത്ത ഇപ്പോഴത്തെ മന്ത്രിസഭയിലെ രണ്ട് അംഗങ്ങളാണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററും ശ്രീ. അടൂർ പ്രകാശും. ഇങ്ങനെ രണ്ടു മന്ത്രിമാർതന്നെ സ്വയം ഉൾക്കൊള്ളുന്ന മന്ത്രിസഭ ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനിച്ച സാഹചര്യത്തിൽ ഈ രണ്ടു പേർ മന്ത്രിമാരായി തുടരാൻ എന്താണവകാശം? നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ഇന്നേവരെ ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനിച്ചുകഴിഞ്ഞാൽ ബന്ധപ്പെട്ട മന്ത്രിമാർ, മന്ത്രിമാരായി തുടരുന്ന ഒരു പാരമ്പര്യം ഈ സംസ്ഥാനത്ത് ഇല്ല. ഇത് ഒരു പുതിയ കീഴ്വഴക്കം സൃഷ്ടിക്കും. ഇവർ മന്ത്രിമാരായി തുടരുന്നത് അന്വേഷണത്തെ

LIBRARY ARCHIVES Kerala Legislative Assembly